**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2535** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഫസ്റ്റ് ബെൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എ . പി . അനിൽ കുമാർ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് ഓൺലൈൻ വിദ്യാഭ്യാസം നൽകാനായി രൂപീകരിച്ച ഫസ്റ്റ് ബെൽ പദ്ധതിയുടെ കാര്യക്ഷമത പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്ന എഴുപത്തിയേഴ് ശതമാനത്തോളം കുട്ടികൾക്കും പാഠഭാഗങ്ങൾ മനസിലാകുന്നില്ല എന്ന ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | ക്ലാസ്സുകളുടെ വേഗക്കൂടുതൽ കാരണം കുട്ടികൾക്ക് നോട്ടുകൾ എഴുതിയെടുക്കാൻ സാധിക്കുന്നില്ല എന്ന കുട്ടികളുടെ പരാതി പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; ഇതുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്ക് എന്തെങ്കിലും പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | വിക്ടേഴ്സ് ചാനൽവഴി സംപ്രേക്ഷണം ചെയ്യുന്ന ഓരോ ഡിജിറ്റൽ ക്ലാസ്സിന്റെയും തുടർച്ചയായി സ്വന്തം അധ്യാപകരുടെ നേതൃത്വത്തിൽ ആവശ്യമായ പിന്തുണ കുട്ടികൾക്ക് നൽകുന്നുണ്ട്. കൂടാതെ ആവശ്യമായ വർക്ക്ഷീറ്റുകളും കുട്ടികൾക്ക് ലഭ്യമാക്കുന്നുണ്ട്. യൂട്യൂബ് ചാനൽ വഴി ക്ലാസ്സുകൾ ആവർത്തിച്ചുകാണുന്നതിനുള്ള സൗകര്യം കുട്ടികൾ പ്രയോജനപ്പെടുത്തുന്നുണ്ട്. ക്ലാസുകൾക്ക് വേഗത കൂടുതലുള്ളതുൾപ്പെടെ ശ്രദ്ധയിൽപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിച്ചാണ് തുടർ ക്ലാസുകൾ സംപ്രേക്ഷണം നടത്തിവരുന്നത്. ഓൺലൈൻ ക്ലാസുകൾ ട്രയൽ അടിസ്ഥാനത്തിൽ നടത്തുന്നത് കൃത്യമായ അധ്യാപക പരിശീലനത്തിനു ശേഷമാണ്. |

സെക്ഷൻ ഓഫീസർ